സീപ്ലെയിൻ പദ്ധതി

8(2597) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീപ്ലെയിൻ പദ്ധതി നടപ്പിലായിട്ടുണ്ടോ ; ഈ പദ്ധതി തടസ്സപ്പെടാൻ കാരണമെന്തെല്ലാമാണെന്നും ഇത്തരത്തിൽ തടസ്സമുണ്ടായതുമൂലം സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കാൻ വേണ്ടി സർക്കാർ ഖജനാവിൽനിന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും പദ്ധതി നടപ്പിൽ വരുമ്പോൾ വാർഷികമായി എത്ര രൂപ ലാഭം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സീപ്ലെയിൻ പദ്ധതി 2013 ജൂൺ 2-ന് കൊല്ലം അഷ്ടമുടിയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയെക്കുറിച്ച് മത്സ്യബന്ധന രംഗത്തെ ചില സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആശങ്കകൾ സബന്ധിച്ച് പഠിക്കാനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു. സമിതി പഠനങ്ങൾ നടത്തി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒരു നൂതന ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ജല വിമാന സർവ്വീസുകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നയം. അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. ജലവിമാനങ്ങൾ സ്വകാര്യ ഓപ്പറേറ്റർമാരാണ് പ്രവർത്തിപ്പിക്കുന്നത്. ആയതിനാൽ സർക്കാരിന് പ്രവർത്തന നഷ്ടം ഉണ്ടായിട്ടില്ല.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് നിർവഹണ ചെലവുകളിലേക്കുമായി 6,70,99,217 രൂപയും പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണങ്ങൾ പരസ്യങ്ങൾ മുതലായവയ്ക്ക് 1,50,15,115 രൂപയും സംസ്ഥാന പോലീസ് വകുപ്പിന് സെക്യൂരിറ്റി ഇനത്തിൽ 95,57,444 രൂപയും നാളിതുവരെ ചെലവായി. ജലവിമാന പദ്ധതി മുഖേന കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിലൂടെ പ്രത്യക്ഷവും പരോക്ഷവും ആയ വരുമാന വർദ്ധനയ്ക്ക് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രാരംഭഘട്ടത്തിൽ ഇത് കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയില്ലെങ്കിലും വരും വർഷങ്ങളിൽ പദ്ധതിയുടെ ഗുണങ്ങൾ കണക്കാക്കാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly